പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.787 | 30.06.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

**പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർക്കുന്നത് തടയാൻ നടപടി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | കമ്പോളത്തിൽ ലഭിക്കുന്ന ഉപ്പിലിട്ട പഴവർഗ്ഗങ്ങളിൽ മാരകമായ രാസവസ്തുക്കൾ ചേർത്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് തൃശ്ശൂർ ജില്ലയിലെ പരിശോധന ഫലത്തിൽ ഒരു സാമ്പിൾ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| ബി) | മാങ്ങ പപ്പായ, പേരയ്ക്ക തുടങ്ങിയ വിവിധയിനം ഫലവർഗ്ഗങ്ങൾ പൂപ്പൽ ബാധിച്ച് കേടുവരാതിരിക്കുന്നതിനായി മോണോ സോഡിയം ഗ്ലൂട്ടമേറ്റ്, പൊട്ടാസ്യം ഡൈക്രോമേറ്റ്, ബാറ്ററി ആസിഡുകൾ എന്നിവ ചേർത്ത് വിൽപ്പന നടത്തുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം | ബി) | സംസ്ഥാനത്ത് ജില്ലതലത്തിൽ ഇതു സംബന്ധിച്ച് നടത്തിയ പരിശോധനകളിൽ എറണാകുളം ജില്ലയിൽ FSSAct അനുസരിച്ച് 259 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും 69 ഇൻഫോർമൽ സാമ്പിളുകളും 17 ഫോർമൽ സാമ്പിളുകളും ലാബ് പരിശോധനയ്ക്കായി എടുത്തിട്ടുണ്ട്. 15 ഫലവർഗ്ഗ കച്ചവട സ്ഥാപനങ്ങളിൽ നിന്നും ഭക്ഷ്യ യോഗ്യമല്ലാത്ത 1541 കിലോ മാമ്പഴം പിടിച്ചെടുത്ത് നശിപ്പിച്ചിട്ടുണ്ട്. കാൽസ്യം കാർബൈഡ് എന്ന വിഷാംശം ചേർത്തതിന് 2 മാമ്പഴ കച്ചവടക്കാരെ കസ്റ്റഡിയിൽ എടുത്ത് റിമാന്റ് ചെയ്തിട്ടുള്ളതും ആയവർക്കെതിരെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമ പ്രകാരമുള്ള നിയമ നടപടികൾ തുടരുകയും ചെയ്യുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഇതു സംബന്ധിച്ച് പിടിച്ചെടുത്ത മാമ്പഴം നശിപ്പിക്കുകയും തുടർ വിൽപന തടയുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഇത്തരം കേസുകളിൽ നിയമാനുസൃത നടപടികളും സ്വീകരിച്ചു വരുന്നു. |
| സി) | ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ? | സി) | ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം അനുസരിച്ച് ഇത്തരം കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ